12. ശ്രീ. കെ.കെ. നായർ
13. ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
14. ഡോ. എം.എ. കുട്ടപ്പൻ
15. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ
16. ശ്രീ. എ.കെ. മണി
17. ശ്രീ. ആര്യാടൻ മുഹമ്മദ്
18. ശ്രീ. എം.കെ. മുനീർ
19. ശ്രീ. എം. മുരളി
20. ശ്രീ. എഴുകോൺ നാരായണൻ
21. ശ്രീ. ഉമ്മൻ ചാണ്ടി
22. ശ്രീ. അടൂർ പ്രകാശ്
23. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
24. ശ്രീമതി രാധാരാഘവൻ
25. ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ
26. ശ്രീമതി റോസമ്മ ചാക്കോ
27. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
28. ശ്രീ. കെ. സുധാകരൻ
29. ശ്രീ. എൻ. സുന്ദരൻ നാടാർ
30. ശ്രീ. പി.പി. തങ്കച്ചൻ
31. ശ്രീ. സി.എഫ്. തോമസ്
32. ശ്രീ. കെ.സി. വേണുഗോപാൽ

നിഷ്പക്ഷത പാലിക്കുന്നവർ ആരുമില്ല.

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ - 46

പ്രതികൂലിക്കുന്നവർ - 32

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

XII. അവകാശലംഘന പ്രശ്നങ്ങൾ

(1) അനുമതി നിഷേധിക്കപ്പെട്ടവ

മി. സ്പീക്കർ : ആലപ്പുഴ നഗരത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് കണ്ടിജൻസി ഫണ്ടിൽനിന്നും 130 ലക്ഷം രൂപ വായ്പ നൽകിയതായി നിയമസഭയെ തെറ്റിദ്ധരിപ്പിച്ച് 1997 ജൂലൈ മാസത്തിൽ നടന്ന നിയമസഭാ സമ്മേളനത്തിൽ പ്രസ്തുത തുക ഉപധനാഭ്യർത്ഥനവഴി തിരിച്ചുനൽകുന്നതിനു സഭയുടെ വോട്ട് നേടുകയുണ്ടായിയെന്ന് ആരോപിച്ചുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസമേനോനെതിരെ ശ്രീ. ജോണി നെല്ലൂർ അവകാശലംഘനത്തിന് ഒരു നോട്ടീസ് നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ചെയർ ഇക്കാര്യത്തിൽ ധനകാര്യവകുപ്പുമന്ത്രിയുടെ വിശദീകരണമാരായുകയുണ്ടായി. അദ്ദേഹം തന്റെ മറുപടിയിൽ, കണ്ടിജൻസി ഫണ്ടിൽനിന്നും തുക പിൻവലിച്ചില്ലെന്ന വിവരം വാട്ടർ അതോറിറ്റി യഥാസമയം ധനകാര്യ വകുപ്പിനെ അറിയിക്കാതിരുന്ന സാഹചര്യത്തിലാണ് ജൂലൈ മാസത്തിലെ ഉപധനാഭ്യർത്ഥനയിൽ പ്രസ്തുത തുക ചേർക്കാൻ ഇടയായതെന്നും അതിനുശേഷം സപ്ലിമെന്ററിയിൽ ഉൾക്കൊള്ളിച്ചിരുന്ന ഈ തുക അക്കൗണ്ടന്റ് ജനറലിന്റെ അനുവാദത്തോടുകൂടി ഉപയോഗിക്കുകയുണ്ടായിയെന്നും പറയുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ധനകാര്യവകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ശ്രീ. ജോണി നെല്ലൂരിന് അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

ശ്രീമതി സോണിയാഗാന്ധിയെ പരാമർശിച്ചുകൊണ്ട് ശ്രീ. ലോനപ്പൻ നമ്പാടൻ നിയമസഭയിൽചെയ്ത പ്രസംഗത്തിന്റെ പേരിൽ അദ്ദേഹത്തിന്റെ വീടിനു മുൻപിൽ പ്രൊഫ. സാവിത്രി ലക്ഷ്മണന്റെ നേതൃത്വത്തിൽ ആളുകൾ സംഘം ചേർന്ന് അധിക്ഷേപിക്കുകയും വധഭീഷണി ഉയർത്തുകയും ചെയ്തുവെന്ന് ആരോപിച്ചുകൊണ്ട് പ്രൊഫ. സാവിത്രി ലക്ഷ്മണന് എതിരെ അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് ശ്രീ. കെ.പി. രാജേന്ദ്രൻ ഒരു നോട്ടീസ് നൽകിയിരുന്നു. ചെയർ ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ വിശദീകരണമാരായുകയുണ്ടായി. അവർ തന്റെ മറുപടിയിൽ നോട്ടീസിൽ പറഞ്ഞിരിക്കുന്നതുപോലുള്ള വാക്കുകൾ താൻ പ്രയോഗിച്ചിട്ടില്ലയെന്നും ശ്രീ. ലോനപ്പൻ നമ്പാടന്റെ അവകാശാധികാരങ്ങളെ ലംഘിക്കുന്നതിന് തനിക്ക് യാതൊരുദ്ദേശവും ഇല്ലായിരുന്നുവെന്നും പറഞ്ഞിരിക്കുന്നു. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ശ്രീ. കെ.പി. രാജേന്ദ്രന് അവകാശലംഘനപ്രശ്നമുന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു. 1997 മാർച്ച് 5-ാംതീയതി ശ്രീ. കെ.എം. മാണി നിയമസഭയിൽ നടത്തിയ പ്രസ്താവനയിലെ ചില പരാമർശങ്ങളെ ആധാരമാക്കി അദ്ദേഹത്തിനെതിരെ അവകാശലംഘനപ്രശ്നമുന്നയിക്കുന്നതിനു ശ്രീ. പി.സി. ജോർജ് ഒരു നോട്ടീസ് നൽകിയിരുന്നു. ചെയർ ഇക്കാര്യത്തിൽ ശ്രീ. കെ.എം. മാണിയുടെ വിശദീകരണമാരായുകയുണ്ടായി. അദ്ദേഹത്തിന്റെ മറുപടിയിൽ ശ്രീ. പി. സി. ജോർജിന്റെ അവകാശങ്ങളെ ഹനിക്കാൻ ഉദ്ദേശിച്ച് യാതൊന്നും താൻ സഭയിൽ പറഞ്ഞിട്ടില്ലായെന്നും സഭയിൽ നൽകിയ വിവരങ്ങൾ സഭയെ തെറ്റിദ്ധരിപ്പിക്കാൻ ഉദ്ദേശിച്ചായിരുന്നില്ലെന്നും പറഞ്ഞിരിക്കുന്നു. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ശ്രീ. പി.സി. ജോർജിനു അവകാശലംഘനപ്രശ്നമുന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

1999 ഫെബ്രുവരി 18-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 3253-ാം നമ്പർ ചോദ്യത്തിനു വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി നൽകിയ മറുപടി വാസ്തവവിരുദ്ധമാണെന്നാരോപിച്ചുകൊണ്ട് അദ്ദേഹത്തിനെതിരെ അവകാശലംഘനപ്രശ്നമുന്നയിക്കുന്നതിനായി ശ്രീ. ഇ.എം. അഗസ്തി ഒരു നോട്ടീസ് നൽകിയിരുന്നു. ചെയർ ഇക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണമാരാഞ്ഞു. അദ്ദേഹം തന്റെ മറുപടിയിൽ സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം ഡയറക്ടറുടെ യോഗ്യതകൾ നിശ്ചയിച്ചുകൊണ്ടുള്ള പ്രത്യേക ചട്ടങ്ങളോ ഗവൺമെന്റ് ഉത്തരവുകളോ നിലവിലില്ലെന്നും, 30.4.82-ൽ ഉന്നത വിദ്യാഭ്യാസ സെക്രട്ടറി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ച ഒരു കത്തിന്റെ പകർപ്പാണ് അംഗം തന്റെ നോട്ടീസിൽ പരാ

LIBRARY ARCHIVES Kerala Legislative Assembly

മർശിച്ചതെന്നും പറഞ്ഞിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ശ്രീ. ഇ.എം. അഗസ്തിക്ക് അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

മൂവാറ്റുപുഴയിൽവച്ച് നടന്ന സംസ്ഥാന നാടക അവാർഡ്ദാന ചടങ്ങിനെ സംബന്ധിച്ച് 1999 ഫെബ്രുവരി 1-ാം തീയതിയിലെ 840-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിനു ഫിഷറീസും ഗ്രാമവികസനവും വകുപ്പു മന്ത്രി നൽകിയ മറുപടി വാസ്തവവിരുദ്ധമാണെന്നാരോപിച്ചുകൊണ്ട് മന്ത്രിയ്ക്കെതിരെ അവകാശലംഘനപ്രശ്നമുന്നയിക്കുന്നതിനു ശ്രീ. ജോണി നെല്ലൂർ ഒരു നോട്ടീസ് നൽകിയിരുന്നു. ചെയർ ഇക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണമാരാഞ്ഞു. വിശദീകരണത്തിൽ, 1.2.99-ലെ 840-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ ഉണ്ടായ പിശക് ബോദ്ധ്യപ്പെട്ട ഉടൻ തന്നെ തിരുത്തൽ വരുത്തി സഭയെ അറിയിച്ചുവെന്നും, അതിനാൽ അവകാശലംഘനപ്രശ്നത്തിൽനിന്ന് ഒഴിവാക്കണമെന്നും പറഞ്ഞിരിക്കുന്നു. പ്രസ്തുത മറുപടിയുടെ വെളിച്ചത്തിൽ ശ്രീ. ജോണി നെല്ലൂരിന് അവകാശലംഘനപ്രശ്നമുന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

(2) പരിഗണനയിലിരിക്കുന്നവ

1999 ജൂൺ 30, ജൂലായ് 1 എന്നീ തീയതികളിലെ മലയാളമനോരമ ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച നിയമസഭാ നടപടികളുടെ വിവരണം വാസ്തവവിരുദ്ധവും അപകീർത്തിപരവുമാണെന്നാരോപിച്ച് പ്രസ്തുത ദിനപത്രത്തിനെതിരെ അവകാശലംഘനപ്രശ്നമുന്നയിക്കുന്നതിന് ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മയും, 1999 ജൂൺ 28-ാം തീയതി നിയമസഭയിൽ എക്സൈസിന്റെ ധനാഭ്യർത്ഥന ചർച്ചയ്ക്കു മറുപടി പറയവേ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഫോറിൻ ലിക്വർ റൂൾസ് സംബന്ധിച്ച് നടത്തിയ പ്രസ്താവന വാസ്തവവിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കാനുദ്ദേശിച്ചുകൊണ്ടുള്ളതുമാണെന്നാരോപിച്ച് അദ്ദേഹത്തിനെതിരെ അവകാശലംഘനപ്രശ്നമുന്നയിക്കുന്നതിന് ഡോ. എം.എ. കുട്ടപ്പനും 1999 ജൂലായ് 16-ാം തീയതി ദേശാഭിമാനി ദിനപത്രത്തിൽ 'കല്ലടമല്ലൻ മണൽമന്നനായാൽ' എന്ന ശീർഷകത്തിൽ പ്രസിദ്ധീകരിച്ച നിയമസഭാവലോകനം നിയമസഭാ സാമാജികരുടെ അവകാശാധികാരങ്ങളെ ഹനിക്കുന്നവയാണെന്നാരോപിച്ച് പ്രസ്തുത പത്രത്തിന്റെ ലേഖകൻ, പ്രസാധകൻ, ചീഫ് എഡിറ്റർ എന്നിവർക്കെതിരെ അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് ശ്രീ. ജോണി നെല്ലൂരും, 1999 ജൂൺ 24-ാംതീയതി മലയാള മനോരമ ദിനപത്രത്തിൽ, "ഹിന്ദുദൈവങ്ങളെപ്പറ്റി പരാമർശം, ശ്രീ. ജി. സുധാകരൻ ഖേദം പ്രകടിപ്പിച്ചു" എന്ന തലക്കെട്ടിൽ വന്ന വാർത്തയിൽ, സഭാദ്ധ്യക്ഷൻ നിയമസഭാരേഖകളിൽനിന്ന് നീക്കം ചെയ്ത ഭാഗം പ്രസിദ്ധപ്പെടുത്തിയെന്നാരോപിച്ച് പ്രസ്തുത ദിനപത്രത്തിന്റെ പ്രിന്റർ ആന്റ് പബ്ലിഷർക്കെതിരെയും, 1999 ജൂലായ് 8-ാം തീയതിയിലെ മലയാള മനോരമ ദിനപത്രത്തിൽ 'നിയമസഭയും മറക്കേണ്ട കാര്യങ്ങൾ മറക്കണം.' എന്ന തലക്കെട്ടിൽ വന്ന മുഖപ്രസംഗത്തിലെ പരാമർശങ്ങൾ സഭാനേതാവിനേയും, അംഗങ്ങളേയും സഭയേയും അവഹേളിക്കുന്ന തരത്തിലുള്ളതാണെന്നാരോപിച്ച് പ്രസ്തുത പത്രത്തിന്റെ തിരുവനന്തപുരം എഡിഷൻ പ്രിന്റർ ആന്റ് പബ്ലിഷർ, മാനേജിംഗ് എഡിറ്റർ, അസോസിയേറ്റ് എഡിറ്റർ എന്നിവർക്കെതിരെയും അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് ശ്രീ. പി. രാഘവനും 1999 ജൂലായ് 14-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 2584-ാം നമ്പർ

858/2010

LIBRARY ARCHIVES Kerala Legislative Assembly